SSLC GEOGRAPHY - CHAPTER : 10

# ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

========================

**1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം**

- ➢ ഉപഭോക്താവിന്റെ അവകാശങ്ങൾ സ്പഷ്ടമായി നിർവചിക്കുകയും, ഉപഭോക്തൃസംരക്ഷണത്തി നായി ഇന്ത്യയിൽ പ്രത്യേകം നീതിന്യായ സംവിധാനങ്ങൾ സ്ഥാപിതമാവുകയും ചെയ്തത് 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ ഫലമായാണ്.
- ➢ ഈ നിയമത്തിന്റെ ഫലമായി സ്ഥാപിക്കപ്പെട്ടവയാണ് ഉപഭോക്തൃ കോടതികൾ.

**ഈ നിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ പ്രധാന അവകാശങ്ങൾ :-**

- ➢ ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽനിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം.
- ➢ സാധനങ്ങളുടെയും, സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.
- ➢ ന്യായവിലയ്ക്ക് സാധനവും, സേവനവും ലഭിക്കാനുള്ള അവകാശം.
- ➢ അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്കു പരിഹാരം തേടാനുള്ള അവകാശം.
- ➢ ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം.

**ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഭരണതലത്തിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ**

- ◆ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും, അവകാശങ്ങളും സംരക്ഷിക്കുന്നതിന് ഭരണതലത്തിൽ വിവിധ വകുപ്പുകളും, സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത്:

1. ലീഗൽ മെട്രോളജി വകുപ്പ് : അളവ് - തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു.
2. ഭക്ഷ്യസുരക്ഷാവകുപ്പ് : ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു.
3. കേന്ദ്ര ഔഷധവില നിയന്ത്രണ കമ്മിറ്റി : മരുന്നുകളുടെ വില നിയന്ത്രിക്കുന്നു.
4. ഡ്രഗ്സ് കൺട്രോൾ വകുപ്പ് : മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു.
5. ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ : ഉൽപ്പാദനം, വിതരണം, സംഭരണം, വിൽപ്പന, ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു.

=================

Prepared by,
HAMZA KANNANTHODI
MUHSS OORAKAM
9847767121